Jagratha 066

Vol-II, Issue :32
06-10-2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

(For Private Circulation only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാന വാർത്തകൾ

*01. ക്രൈസ്തവർ നേരിടുന്ന പ്രശ്നങ്ങളിൽ വിശാല ചർച്ച വേണം : ക്ലീമ്മിസ് ബാവ*
*02. ഹൈന്ദവ ക്രൈസ്തവ നേതൃത്വ സംവാദം*
*03. ദേവാലയങ്ങൾ ക്രൈസ്തവ വിശ്വാസ പ്രതീകങ്ങൾ : മാർ മാത്യു മൂലക്കാട്ട്*
*04. പള്ളിക്കൂടങ്ങളാണ് കേരളത്തിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്തിയത് :ബിഷപ് ജോസഫ് കളത്തിപറമ്പിൽ*
*05. സംഘടനകളുമായി സഹകരിച്ച് മദ്യവർജ്ജനം നടപ്പാക്കണം : കെ.സി.ബി.സി മദ്യവിരുദ്ധ സമിതി.*
*06. കുടുംബബന്ധങ്ങൾ തകർക്കാൻ ശ്രമം : ബിഷപ് മാർ ആനിക്കുഴിക്കാട്ടിൽ*
*07. കെ.സി.ബി.സി നാടക അവാർഡുകൾ പ്രഖ്യാപിച്ചു : മീഡിയ കമ്മീഷൻ*
*08. കോളേജ് ക്ലസ്റ്ററിനു വേണ്ടി കോടികൾ പാഴാക്കാൻ നീക്കം : ഇന്റർ ചർച്ച് കൗൺസിൽ*

### 01. ക്രൈസ്തവർ നേരിടുന്ന പ്രശ്നങ്ങളിൽ വിശാലചർച്ച വേണം: ക്ലീമ്മിസ് ബാവാ (29 09 2008)

ക്രൈസ്തവ സമൂഹം ഇന്നു നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ഒക്ടോബർ നാലു മുതൽ 24 വരെ റോമിൽ നടക്കുന്ന ലോക കത്തോലിക്കാ സുന്നഹദോസ് ചർച്ച ചെയ്യുമെന്നു മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമ്മിസ് കാതോലിക്കാ ബാവാ പറഞ്ഞു. മലങ്കര കത്തോലിക്കാ സഭ തിരുവനന്തപുരം മേജർ അതിരൂപതാ പന്തളം വൈദിക ജില്ല പ്ലാറ്റിനംജൂബിലി സംഗമം സമാപനസമ്മേളനത്തിൽ പങ്കെടുക്കാൻ എത്തിയതായിരുന്നു അദ്ദേഹം. ദൈവ വചനം സഭയിലും സമൂഹത്തിലും എന്നതാണു സുന്നഹദോസിലെ പ്രധാന ചർച്ചാ വിഷയമെങ്കിലും ക്രൈസ്തവ സഭ നേരിടുന്ന പ്രതിസന്ധികളും കൂടി ചർച്ച ചെയ്യപ്പെടും. ഇപ്പോഴെങ്കിലും ഇക്കാര്യം ചർച്ച ചെയ്തു പരിഹാരം കണ്ടില്ലെങ്കിൽ അന്യസംസ്ഥാനത്തു നടക്കുന്ന ആക്രമങ്ങൾ ഇവിടേക്കും വ്യാപിക്കാൻ ഇടയാകുമെന്നും അദ്ദേഹം പറഞ്ഞു. ഇന്ന് എറണാകുളത്തു ഹിന്ദുമത നേതാക്കളും സന്യാസി ശ്രേഷ്ഠന്മാരുമായി എപ്പിസ്കോപ്പൽ സഭകളുടെ പ്രതിനിധികളും ചേർന്ന് ഈ വിഷയം ചർച്ച ചെയ്യും.

ഇപ്പോഴത്തെ സംഘർഷഭരിതമായ സാഹചര്യത്തിൽ യാഥാർഥ്യ ബോധത്തോടുകൂടിയുള്ള സമീപനമാണ് അഭികാമ്യം. പ്രശ്നങ്ങൾ പരസ്പരം ചർച്ച ചെയ്തു തെറ്റുകൾ മനസ്സിലാക്കി മുന്നോട്ടു പോകുന്നതാണു സമാധാനത്തിന്റെ വഴി. ഇത്തരം കാര്യങ്ങൾ ചർച്ചകളിലൂടെ മാത്രമേ പരിഹരിക്കാൻ കഴിയൂ എന്നു മനസ്സിലാക്കിയാണ് ഇതിനു വേദിയൊരുക്കിയത്. ഇതിനു ശേഷം രാഷ്ട്രീയ നേതാക്കളുമായും ചർച്ച നടത്തും. ഇവിടെ സമാധാന അന്തരീക്ഷം നിലനിർത്താൻ സംസ്ഥാന സർക്കാർ വേണ്ടതെല്ലാം ചെയ്യുന്നുണ്ട് എന്നത് സ്വാഗതാർഹമാണെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ, ഇതിനിടെ മുതലെടുപ്പു നടത്താൻ ശ്രമിക്കുന്നവരെ കണ്ടെത്തിയേ മതിയാകൂ. അതിന്റെ ഭാഗമായാണു ചർച്ചകൾ നടത്തുന്നത്. മതങ്ങൾ തമ്മിൽ സൗഹാർദം പുലർത്തണം. ഈ സൗഹാർദം താഴെത്തട്ടിലേക്കും എത്തിക്കണം. എങ്കിൽ മാത്രമേ സമാധാനം പുനഃസ്ഥാപിക്കാൻ കഴിയൂ. മതങ്ങളുടെ പേരിൽ കലാപങ്ങൾ സൃഷ്ടിച്ചു മനുഷ്യ ജീവൻ ഹോമിക്കുന്നതു നീചമായ നടപടിയാണ്. ഇതിനെതിരെ കേന്ദ്ര– സംസ്ഥാന സർക്കാർ കർശന നടപടികൾ സ്വീകരിക്കണം. സർക്കാരുകൾ പരാജയപ്പെടുന്ന പക്ഷം കോടതി ഇടപെടണം. ഇത്തരമൊരു പ്രതിസന്ധിക്കു പരിഹാരം കാണാൻ രാഷ്ട്രപതി ഇടപെടുന്നതു പോലും ഉചിതമായിരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഹൈന്ദവ വികാരത്തെ വ്രണപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നല്ല ക്രിസ്തീയ സഭയുടെ ലക്ഷണമല്ല. മതം മനസ്സാണ്.

ആശ്രയമരുളുന്നതും അവരുടെ ദുഃഖങ്ങളിൽ പങ്കു ചേരുന്നതും മതപരിവർത്തനമായി കാണുന്നതു ശരിയല്ലെന്നും അദ്ദേഹം പറഞ്ഞു.

### 02. ഹൈന്ദവ-ക്രൈസ്തവ നേതൃസംവാദം (29-09-2008)

മതത്തിന്റെ പേരിലുള്ള ആക്രമണങ്ങളിൽ ഞങ്ങൾ പ്രതിഷേധിക്കുന്നു. ആക്രമണങ്ങൾ ഒരു മതത്തിന്റെയും ധർമ്മത്തിന് ചേർന്നതല്ല. മതവിഭാഗങ്ങൾ തമ്മിൽ സൗഹൃദവും പരസ്പരവിശ്വാസവും കൂട്ടായപ്രവർത്തനവും ഉണ്ടാവേണ്ടത് രാഷ്ട്രത്തിന്റെ കെട്ടുറപ്പിനും നിലനില്പിനും മാത്രമല്ല മനുഷ്യരുടെ നിലനിൽപ്പിനുപ്പോലും അനുപേക്ഷണീയമാണെന്ന് ഈ യോഗം കരുതുന്നു. മതവിദ്വേഷവും സ്പർദ്ധയും വർദ്ധിപ്പിക്കുവാൻ ഇടയാക്കുന്ന പ്രവർത്തനങ്ങളും നിലപാടുകളും തടയപ്പെടേണ്ടതും നിരുത്സാഹപ്പെടുത്തേണ്ടതുമാണ്. എല്ലാ മതസ്ഥർക്കും തങ്ങളുടെ മതവിശ്വാസപ്രമാണ ങ്ങൾ വിലപ്പെട്ടതാണ്. അവ നിർബന്ധിച്ച് മാറ്റുന്നത് ഒട്ടും ആശാസ്യമല്ല. അത്തരത്തിൽ മതം മാറ്റുവാൻ വേണ്ടി നടത്തുന്ന ഏതൊരു ശ്രമവും മതസൗഹാർദ്ദം തകർക്കും. സ്വന്തം മതത്തിൽ വിശ്വസിക്കുവാനുള്ള ഒരു വ്യക്തിയുടെ സ്വാതന്ത്ര്യവും അവകാശവും നിഷേധിക്കുവാൻ പാടില്ല. അതുപോലെ എല്ലാ മതസ്ഥർക്കും സ്വന്തം വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും വച്ചുപുലർത്തുവാനുള്ള അവകാശവും സ്വാതന്ത്ര്യവും ഇന്ത്യൻ ഭരണഘടനയും ഭാരതീയ പാരമ്പര്യവും അനുശാസിക്കുന്നു. മറ്റ് മതവിശ്വാസങ്ങളെ ചോദ്യം ചെയ്തും അവഹേളിച്ചും നടത്തുന്ന പ്രവർത്തനങ്ങൾ അവസാനിപ്പിക്കേണ്ടതാണ്. മതവിശ്വാസികൾ ആരാധ്യമായി കരുതുന്നവയെ അവഹേളിക്കുന്ന വിധത്തിൽ ചിത്രീകരിക്കുന്നതും തെറ്റാണ്.

സമീപകാലത്ത് മതവിശ്വാസികളെ ഉത്കണ്ഠാകുലരാക്കുന്ന സംഭവവികാസങ്ങൾ കൂടെക്കൂടെ ഉണ്ടാകുന്നു. കേരളത്തിൽ നാലിൽപരം ക്രൈസ്തവദേവാലയങ്ങൾ അക്രമത്തിനിരയായി. ക്ഷേത്രങ്ങളിലും പള്ളികളിലും കവർച്ചയും അക്രമവും സ്ഥിരംപതിവായിത്തീർന്നിരിക്കുന്നു. പ്രശസ്തമായ അങ്ങാടിപ്പുറം തളിക്ഷേത്രഗോപുര വാതിൽ തീവച്ചു നശിപ്പിച്ചു. ഗുരുദേവമന്ദിരങ്ങൾ അക്രമത്തിനിരയായി. ഈ കേസുകൾക്ക് തുമ്പുണ്ടാക്കുവാനോ കുറ്റവാളികളെ പിടികൂടുവാനോ അധികൃതർക്ക് കഴിയാത്തതിൽ ശക്തമായ പ്രതിഷേധം വിശ്വാസികൾക്കുണ്ട്. ആരാധനാലയങ്ങൾ ആരുടേതായാലും അത് ആരാധ്യമായി കണക്കാക്കേണ്ടതാണ്. ഈശ്വരവിശ്വാസം പരിപോഷിപ്പിക്കുന്ന ശ്രമങ്ങളിൽ സഹകരണം ഉണ്ടാകുന്നത് അഭിലഷണീയമാണ്.

പാവപ്പെട്ട ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി ജാതി, മതം എന്നീ ചിന്ത കൂടാതെയുള്ള കൂട്ടായ സമർപ്പണം കൂടുതലായി മതസമൂഹങ്ങളുടെ ഭാഗത്ത് നിന്നുണ്ടാകണം. ഭാരതത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി ഞങ്ങൾ നിലനിൽക്കുന്നു. രാജ്യത്തെ പാവപ്പെട്ടവരുടെയും പീഡിപ്പിക്കപ്പെടുന്നവരുടെയും നീതിക്കുവേണ്ടി ഞങ്ങൾ ഒന്നിച്ചു പ്രവർത്തിക്കുന്നതാണ്. അതുപോലെ തന്നെ സമൂഹത്തിന്റെ ധാർമ്മിക ഉന്നമനത്തിനായും സഹകരിച്ച് പ്രവർത്തിക്കുന്നതാണ്. മതവികാരത്തെ മുതലെടുത്തു നടത്തുന്ന രാഷ്ട്രീയനീക്കങ്ങളെക്കുറിച്ച് ഏവരും ജാഗ്രത ഉള്ളവരായിരിക്കണം. സമൂഹത്തിൽ ശാന്തിയും സമാധാനവും നീതിയും പുലരുന്നതിനുവേണ്ടി എപ്പോഴും പരിശ്രമിക്കും.

### 03. ദേവാലയങ്ങൾ ക്രൈസ്തവവിശ്വാസ പ്രതീകങ്ങൾ: മാർ. മാത്യു മൂലക്കാട്ട് (30 -09-2008)

ക്രൈസ്തവ വിശ്വാസത്തിന്റെ പ്രതീകങ്ങളാണ് ദേവാലയങ്ങളും ക്രൈസ്തവ സ്ഥാപനങ്ങളുമെന്ന് കോട്ടയം അതിരൂപത മെത്രാപ്പൊലീത്ത മാർ. മാത്യു മൂലക്കാട്ട് പറഞ്ഞു. കള്ളമല രാജഗിരി സെന്റ് സ്റ്റീഫൻസ് ദേവാലയത്തിൽ പുതുക്കിപണിത മദ്ബഹായുടെ കൂദാശ കർമ്മം നിർവഹിച്ച് സംസാരിക്കുകയായിരുന്നു ബിഷപ്പ്.സഭാ വിശ്വാസത്തെ തകർക്കാൻ പോന്ന പലസംഭവങ്ങളും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടാകുന്നുണ്ട്. അപ്പോഴൊക്കെ അസ്വസ്ഥരാകാതെ വിവേകത്തോടും സ്നേഹത്തോടും ആത്മസംയമനത്തോടെയുമുള്ള സമീപനമാണ് ക്രിസ്ത്യാനികളുടെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതെന്ന് ബിഷപ്പ് ഓർമ്മിപ്പിച്ചു. കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റി ഇടവകയ്ക്ക് നല്കിയ പാള പാത്ര നിർമ്മാണപ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ബിഷപ്പ് നിർവഹിച്ചു.ഫാ. മാത്യു മേലേടം, ഫാ. ഷൈജു കൂമ്പുങ്കൽ, ഫാ. സാബു, ഫാ. സജി കൊച്ചുപറമ്പിൽ എന്നിവർ സഹകാർമ്മികത്വം വഹിച്ചു. തുടർന്ന് സ്നേഹവിരുന്നും നടന്നു.

**04. പള്ളിക്കൂടങ്ങളാണ് കേരളത്തിന്റെ വിദ്യാഭ്യാസനിലവാരം ഉയർത്തിയത് : ബിഷപ് ഡോ. കളത്തിപ്പറമ്പിൽ**

(26-09-2008)

വേദപാഠം പഠിപ്പിക്കാനാണ് എന്ന് പിൽക്കാലത്ത് വിമർശിച്ചുതള്ളിയ പള്ളികളോടനുബന്ധിച്ച് സ്ഥാപിച്ച പള്ളിക്കൂടങ്ങളാണ് കേരളത്തിലെ വിദ്യാഭ്യാസനിലവാരം ഉയർത്തിയതെന്ന് കോഴിക്കോട് ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ. കാലിക്കട്ട് യൂണിവേഴ്സിറ്റി ക്രിസ്ത്യൻ ചെയറിന്റെ ആഭിമുഖ്യത്തിൽ **"കേരളീയചരിത്രവും സംസ്കാരവും-ക്രൈസ്തവരുടെ സംഭാവനകൾ"** എന്ന വിഷയത്തെ ആസ്പദമാക്കി കോഴിക്കോട് പ്രോവിഡൻസ് കോളജിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.കേരളത്തിലെ വിദ്യാഭ്യാസമേഖലയ്ക്കും വാണിജ്യവ്യാപാര മേഖലയ്ക്കും സാമൂഹ്യനവോത്ഥാനത്തിനും ക്രൈസ്തവസഭ നല്കിയ സംഭാവനകളെ അധികരിച്ചായിരുന്നു സെമിനാർ. പിന്നോക്ക ജനവിഭാഗങ്ങളെ വിദ്യഭ്യാസ പ്രക്രിയയിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ മുഖ്യപങ്ക് വഹിച്ചത് ക്രിസ്ത്യൻ മിഷണറിമാരാണെന്ന് പ്രബന്ധം അവതരിപ്പിച്ച് സംസാരിച്ച പ്രഫ. കുര്യാസ് കുമ്പളക്കുഴി അഭിപ്രായപ്പെട്ടു. പോർച്ചുഗീസുകാരുടെ ആഗമനം വേദപ്രചരണത്തേക്കാളുപരി കേരളത്തിലെ വാണിജ്യവ്യാപാര രംഗത്തിന് ശാസ്ത്രീയവും ശക്തവുമായ അടിത്തറയിടുന്നതിനു സഹായകമായെന്ന് പ്രഫ. കെ.എസ്. മാത്യുവും വ്യക്തമാക്കി. 18-19 നൂറ്റാണ്ടുകളിൽ കേരളത്തിൽ നിലവിലിരുന്ന അടിമക്കച്ചവടം നിർത്തലാക്കി നവോത്ഥാനത്തിൽ മുഖ്യപങ്കുവഹിച്ചത് ക്രൈസ്തവസഭയാണെന്ന് പ്രഫ. ജോർജ് അലക്സ് തന്റെ പ്രബന്ധത്തിലൂടെ വിശദീകരിച്ചു.

**05. സംഘടനകളുമായി സഹകരിച്ച് മദ്യവർജനം നടപ്പാക്കണം: കെ.സി.ബി.സി മദ്യവിരുദ്ധ സമിതി**

(29-09-2008)

ക്രമാതീതമായി മദ്യാസക്തി വർദ്ധിക്കുന്ന പശ്ചാത്തലത്തിൽ മദ്യത്തിനെതിരെ ബോധവത്കരണം നടത്താനുള്ള സർക്കാർ തീരുമാനം സ്വാഗതാർഹമാണെന്ന് കെ.സി.ബി.സി മദ്യവിരുദ്ധ സമതി മധ്യമേഖല സമിതി ചൂണ്ടിക്കാട്ടി. കാലങ്ങളായി മദ്യവിരുദ്ധ രംഗത്ത് പ്രവർത്തിച്ചുവരുന്ന മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുമായി സഹകരിച്ച് മദ്യവിരുദ്ധ ബോധവത്കരണം നടത്തണം. മദ്യത്തിനെതിരെയുള്ള പ്രവർത്തനങ്ങളിൽ സർക്കാർ ആത്മാർഥത തെളിയിക്കണം. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുവാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.വരാപ്പുഴ അതിരൂപതാ ഫാമിലി വെൽഫെയർ സെന്ററിൽ നടന്ന യോഗത്തിൽ പ്രസിഡന്റ് ജോബ് തോട്ടുകടവിൽ അധ്യക്ഷനായിരുന്നു.

**06. കുടുംബബന്ധങ്ങൾ തകർക്കാൻ ശ്രമം: ബിഷപ് മാർ ആനിക്കുഴിക്കാട്ടിൽ** (01-10-2008)

കുടുംബ ബന്ധങ്ങൾ തകർക്കാനുള്ള ബോധപൂർവ ശ്രമങ്ങൾ മാധ്യമങ്ങൾ വഴി നടക്കുന്നുവെന്നു കെസിബിസി ഫാമിലി കമ്മീഷൻ ചെയർമാനും ഇടുക്കി ബിഷപ്പുമായ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ. പാലാരിവട്ടം പിഒസിയിൽ ഇന്നലെ നടന്ന ഫാമിലി കമ്മീഷന്റെ സംസ്ഥാനയോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. കെസിബിസി ഫാമിലി കമ്മീഷൻ സെക്രട്ടറി ഫാ.ജോസ് കോട്ടയിൽ വിഷയാവതരണം നടത്തി. മാധ്യമങ്ങൾ വഴി കുടുംബങ്ങളിലുണ്ടാകുന്ന ഭീഷണി നേരിടാൻ കുടുംബങ്ങളെ പ്രാപ്തരാക്കുക എന്നതാണ് അടുത്ത വർഷത്തെ കെസിബിസി ഫാമിലി കമ്മീഷന്റെ മുദ്രാവാക്യം. ഇതിന്റെ ഭാഗമായി വിവാഹം കഴിഞ്ഞ് നാലു മുതൽ അഞ്ചു വർഷം വരെയായ യുവ ദമ്പതികൾക്കായി കുടുംബ മൂല്യങ്ങൾ ഉറപ്പിക്കുന്നതിനായുള്ള സെമിനാറുകൾ ഇടവക തോറും സംഘടിപ്പിക്കുമെന്ന് ഫാ.ജോസ് കോട്ടയിൽ പറഞ്ഞു. അടുത്തിടെ ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരുടെ നേതൃത്വത്തിൽ കുടുംബങ്ങളെ കുറിച്ച് തയാറാക്കിയ റിപ്പോർട്ട് സമൂഹത്തിനെ ബാധിക്കുന്നതാണ്. ഇത്തരത്തിലുള്ള നയങ്ങൾ എതിർക്കപ്പെടേണ്ടതാണ്. നിയമ കമ്മീഷനും ദയാവധം, ഗർഭഛിദ്രം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കൊണ്ടു വരാൻ തയാറെടുക്കുന്ന നിയമങ്ങൾ കുടുംബത്തിന്റെ മൂല്യങ്ങളെ തകർക്കുന്നതാണ്. ഇത്തരം നയങ്ങൾക്കെതിരായി കെസിബിസി ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ധാർമിക അധപതനത്തിനെതിരേ ജനങ്ങളെ ബോധവാൻമാരാക്കുക എന്ന ഉദ്ദ്യേശത്തോടെ കാസർകോഡു

“



നിന്നും തിരുവനന്തപുരം വരെ ഒരു മാസം നീളുന്ന റാലി സംഘടിപ്പിക്കുമെന്നും ഈ മാസം 15-ാം തീയതി സെക്രട്ടറിയേറ്റിനു മുന്നിൽ പ്രതിഷേധ ധർണ സംഘടിപ്പിക്കുമെന്നും യോഗത്തിൽ തീരുമാനിച്ചതായി ഫാ.ജോസ് കോട്ടയിൽ അറിയിച്ചു.

### 07. കെ.സി.ബി.സി നാടക അവാർഡുകൾ പ്രഖ്യാപിച്ചു (30-09-2008)

കെ.സി.ബി.സി അഖില കേരള പ്രഫഷണൽ നാടക അവാർഡുകൾ പ്രഖ്യാപിച്ചു. ഫ്രാൻസീസ് ടി.മാവിലേക്കര രചിച്ച് വൽസൺ നിസ്സരി സംവിധാനം ചെയ്ത തിരുവനന്തപുരം സോപാനം അവതരിപ്പിച്ച “അന്നൊരുമഴയത്ത്” ആണ് മികച്ച നാടകം. വൽസൺ നിസ്സരി മികച്ച സംവിധായകനുള്ള അവാർഡ് നേടി. ഓച്ചിറ നിളയുടെ “എസ്.എം.എസ് വഴി വന്നൊരു പ്രണയം” ആണ് രണ്ടാമത്തെ മികച്ച നാടകം. ഏറ്റവും നല്ല രചനയ്ക്കുള്ള അവാർഡ് പ്രദീപ് കുമാർ കാവുന്തറയ്ക്ക് (കരളേ മാപ്പ് ) ലഭിച്ചു. കോട്ടയം കൈരളി നാടകവേദിയുടെ നേർക്കാഴ്ചയിലെ അയ്യപ്പൻനായരെ അവതരിപ്പിച്ച ബാബുരാജ് തിരുവല്ല മികച്ച നടനുള്ള അവാർഡും ഓച്ചിറ നിളയുടെ എസ്.എം.എസ് വഴി വന്നൊരു പ്രണയം എന്ന നാടകത്തിൽ ഗോപികയെ അവതരിപ്പിച്ച സുജി മികച്ച നടിക്കുള്ള അവാർഡും കരസ്ഥമാക്കി. നേർക്കാഴ്ചയിലെ അഭിനയത്തിന് തോന്നയ്ക്കൽ ജയചന്ദ്രൻ സ്പെഷൽ ജൂറി അവാർഡിന് അർഹനായി. മറ്റ് അവാർഡുകൾ. ഉദയൻ കാരാപ്പുഴ (മികച്ച സഹനടൻ), ഇന്ദുശ്രീ (മികച്ച സഹനടി), ആലപ്പീ വിവേകാനന്ദൻ (മികച്ച സംഗീത സംവിധായകൻ).

ഡോ.സി.കെ തോമസ്, ബാബു കുരുവിള, നെൽസൺ ഫെർണാണ്ടസ് എന്നിവരടങ്ങിയ കമ്മറ്റിയാണ് വിജയികളെ നിർണയിച്ചത്. മികച്ച നാടകത്തിന് അയ്യായിരം രൂപയും ശിൽപവും വ്യക്തിഗത പുരസ്കാരങ്ങൾക്ക് രണ്ടായിരം രൂപയും ശിൽപവും സമ്മാനമായി ലഭിക്കും. കേരളത്തിലെ മുപ്പതോളം പ്രഫഷണൽ നാടക സമിതികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒൻപതോളം നാടകങ്ങളാണ് പാലാരിവട്ടം പി.ഒ.സിയിൽ സംഘടിപ്പിച്ച മേളയിൽ അരങ്ങേറിയത്. ഇതിൽ നിന്നുമാണ് വിജയികളെ കണ്ടെത്തിയത്.നവംബർ പതിനാറിന് സംഘടിപ്പിക്കുന്ന മാധ്യമദിന സമ്മേളനത്തിൽവെച്ച് അവാർഡുകൾ സമ്മാനിക്കുമെന്ന് കെ.സി.ബി.സി മീഡിയ കമ്മീഷൻ സെക്രട്ടറി ഫാ.ജോസഫ് നിക്കോളാസ് അറിയിച്ചു. നെൽസൻ ഫെർണാണ്ടസ്, ടി.എം ഏബ്രഹാം എന്നിവരും സന്നിഹിതരായിരുന്നു

### 08. കോളജ് ക്ലസ്റ്ററിനുവേണ്ടി കോടികൾ പാഴാക്കാൻ നീക്കം: ഇന്റർ ചർച്ച് കൗൺസിൽ (3-10-2008)

ആയിരത്തി എണ്ണൂറിലധികം അധ്യാപക തസ്തികകൾ കോളജുകളിൽ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ കുറച്ചു കോളജുകളെ കൂട്ടിയോജിപ്പിച്ച ക്ലസ്റ്ററുകൾക്കുവേണ്ടി കോടിക്കണക്കിനു രൂപ ചെലവഴിക്കാനുള്ള ഉന്നത വിദ്യാഭ്യാസ സമിതിയുടെ നീക്കം വിചിത്രമാണെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ. വേണ്ടത്ര പണമില്ലെന്നു പറഞ്ഞു ദിവസക്കൂലിക്കാരായ അതിഥി അധ്യാപകരെവച്ച് അധ്യാപനം നടത്തുന്ന സാഹചര്യത്തിലാണ് അനാവശ്യമായി പണം ധൂർത്തടിക്കപ്പെടുന്നത്.കേരളത്തിലെ കോളജ് വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസംപോ ലെ തന്നെ കൂപ്പുകുത്തുമ്പോൾ അതിനു പരിഹാരത്തിനു ശ്രമിക്കാതെ പണം ധൂർത്തടിക്കാനുള്ള വേദികൾ സ്രൃഷ്ടിക്കപ്പെടുന്നതു ഖേദകരമാണ്. അടുത്തകാലത്തൊന്നും ഇവിടെ കോളജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ സർക്കാർ തയാറായിട്ടില്ല. അതുകൊണ്ടുതന്നെ ഓരോ വർഷവും ഏതാണ്ട് ഒരുലക്ഷത്തിൽപരം വിദ്യാർഥികൾ മറ്റു സംസ്ഥാനങ്ങളിൽ അഡ്മിഷൻ തേടുന്നു. കോളജ് വിദ്യാഭ്യാസരംഗത്തെ തകർക്കുന്ന നിലപാടിൽനിന്നും സർക്കാർ പിന്തിരിയേണ്ടതാണെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ വക്താവ് റവ. ഡോ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ പ്രസ്താവനയിൽ പറഞ്ഞു.